**മധുരമായ കുട്ടികളേ - ശിവജയന്തിയുടെ സമയത്ത് നിങ്ങൾ വളരെ ആഘോഷ പൂർവ്വം നിരാകാരനായ അച്ഛന്റെ ജീവചരിത്രം എല്ലാവരേയും കേൾപ്പിക്കൂ, വജ്ര തുല്യമായിട്ടുള്ളത് ഈ ശിവജയന്തി തന്നെയാണ്.**

**ചോദ്യം:-** നിങ്ങൾ ബ്രാഹ്മണരുടെ സത്യമായ ദീപാവലി എപ്പോഴാണ്, എങ്ങനെയാണ്?
**ഉത്തരം:-** വാസ്തവത്തിൽ ശിവജയന്തി തന്നെയാണ് നിങ്ങളുടെ സത്യം സത്യമായ ദീപാവലി എന്തുകൊണ്ടെന്നാൽ ശിവബാബ വന്ന് നിങ്ങൾ ആത്മാക്കളാകുന്ന ദീപങ്ങളെ തെളിയിക്കുകയാണ്. ഓരോ വീട്ടിലേയും ദീപം തെളിയുന്നു അർത്ഥം ആത്മജ്യോതി തെളിയുന്നു. അവർ സ്ഥൂലത്തിലുള്ള ദീപം തെളിയിക്കുന്നു എന്നാൽ നിങ്ങളുടെ സത്യമായ ദീപം ശിവബാബ വരുന്നതിലൂടെയാണ് തെളിയുന്നത് അതിനാൽ നിങ്ങൾ വളരെ വർണ്ണാഭമായി ശിവജയന്തി ആഘോഷിക്കൂ.

**ഓം ശാന്തി**. മധുര മധുരമായ ആത്മീയ കുട്ടികൾ ശിവജയന്തി ആഘോഷിക്കുന്നു അതുപോലെ ഭാരതത്തിൽ തന്നെയാണ് ശിവജയന്തി ആഘോഷിക്കുന്നത്. ഒന്നിന്റെ ജയന്തിയാണ് ആഘോഷിച്ചുവരുന്നത്. ആ ശിവനെ പിന്നെ സർവ്വവ്യാപി എന്നു പറഞ്ഞു. ഇപ്പോൾ സർവ്വരുടേയും ജയന്തിയുണ്ടാവുക സാധ്യമല്ല. ജയന്തി എപ്പോഴാണ് ആഘോഷിക്കുന്നത്? എപ്പോഴാണോ ഗർഭത്തിൽ നിന്നും പുറത്ത് വരുന്നത് അപ്പോൾ. തീർച്ചയായും ശിവജയന്തി ആഘോഷിക്കുന്നുണ്ട്. ആര്യസമാജത്തിലുള്ളവരും ആഘോഷിക്കുന്നു. ഇപ്പോൾ നിങ്ങൾ 83-ാമത് ജയന്തിയാണ് ആഘോഷിക്കുന്നത്, അർത്ഥം ജനിച്ചിട്ട് 83 വർഷമായി. എല്ലാവരുടേയും ജന്മദിനം ഓർമ്മവെയ്ക്കാറുണ്ട്, ഇവർ ഇന്ന ദിവസം ഗർഭത്തിൽ നിന്നും പുറത്തുവന്നു. ഇപ്പോൾ നിങ്ങൾ ശിവബാബയുടെ 83-ാമത് ജന്മദിനം ആഘോഷിക്കുകയാണ്. ബാബ നിരാകാരനാണ്, ബാബയ്ക്ക് എങ്ങനെ ജയന്തിയുണ്ടാകും? എത്ര വലിയ വലിയ മനുഷ്യർക്കാണ് ക്ഷണപത്രിക അയയ്ക്കുന്നത്. ആരെങ്കിലും ചോദിക്കേണ്ടതാണ്- ജയന്തി എങ്ങനെ ആഘോഷിക്കാൻ സാധിക്കും? ബാബ എപ്പോൾ എങ്ങനെ ജന്മമെടുത്തു? പിന്നീട് അവരുടെ ശരീരത്തിന് എന്ത് പേരാണ് വെച്ചത്? പക്ഷേ തീർത്തും കല്ലുബുദ്ധികളാണ് ഇങ്ങനെ ഒന്നും ചോദിക്കുന്നില്ല. നിങ്ങൾ അവർക്ക് മനസ്സിലാക്കിക്കൊടുക്കണം-ബാബ നിരാകാരനാണ്, പേര് ശിവൻ എന്നാണ്. നിങ്ങൾ സാളിഗ്രാമങ്ങളായ കുട്ടികളാണ്. അറിയാം ഈ ശരീരത്തിൽ സാളിഗ്രാമമുണ്ട്. പേര് ശരീരത്തിനാണ് വെയ്ക്കുന്നത്. അത് പരമാത്മാ ശിവനാണ്. ഇപ്പോൾ നിങ്ങൾ എത്ര വർണ്ണാഭമായാണ് പരിപാടികൾ നടത്തുന്നത്. ദിനം പ്രതിദിനം നിങ്ങൾ വളരെ ആരവത്തോടെ മനസ്സിലാക്കിക്കൊടുക്കുന്നുണ്ട്, അതായത് എപ്പോഴാണോ ശിവബാബ ബ്രഹ്മാശരീരത്തിൽ പ്രവേശിച്ചത് അതുതന്നെയാണ് അവരുടെ ജയന്തിയായി പാടപ്പെടുന്നത്. ബാബയ്ക്ക് തിയ്യതിയും സമയവും ഒന്നുമില്ല. പറയുന്നു ഞാൻ ഈ സാധാരണ ശരീരത്തിൽ പ്രവേശിച്ചിരിക്കുകയാണ്. പക്ഷേ എപ്പോൾ, ഏത് സമയത്ത് അത് പറയുന്നില്ല. തിയ്യതിയും ദിവസവും സമയവുമൊക്കെ പറയുകയാണെങ്കിൽ പറയാൻ സാധിക്കും ഇന്ന തിയ്യതിയിലെന്ന്. ബാബക്ക് ജാതകവുമില്ല. വാസ്തവത്തിൽ ഏറ്റവും ശ്രേഷ്ഠമായ ജാതകം ബാബയുടേതാണ്. ബാബയുടെ കർത്തവ്യവും സർവ്വശ്രേഷ്ഠമാണ്. പ്രഭോ അങ്ങയുടെ മഹിമ അപരം അപാരമാണ് എന്ന് പറയാറുണ്ട്. എങ്കിൽ തീർച്ചയായും എന്തെങ്കിലും ചെയ്തിട്ടുണ്ടാകണം. ഒരുപാടുപേർക്ക് മഹിമ പാടുന്നുണ്ട്. നെഹ്റു, ഗാന്ധി മുതലായ എല്ലാവർക്കും മഹിമ പാടുന്നുണ്ട്. പക്ഷേ ബാബയുടെ മഹിമ ആർക്കും വർണ്ണിക്കാൻ സാധിക്കില്ല. നിങ്ങൾ മനസ്സിലാക്കുന്നുണ്ട് ബാബ ശാന്തിയുടെ സാഗരമാണ്, ജ്ഞാനസാഗരമാണ്. തീർച്ചയായും ഒരേ ഒരു ബാബയേയുള്ളൂ. പിന്നീട് എങ്ങനെ ബാബയെ സർവ്വവ്യാപി എന്നു പറയാൻ സാധിക്കും. പക്ഷേ ഒന്നും മനസ്സിലാക്കുന്നില്ല. പിന്നീട് നിങ്ങൾ ആഘോഷിക്കുമ്പോൾ ആരും ചോദിക്കുന്നതിനുള്ള സാഹസവും കാണിക്കുന്നില്ല. ഇല്ലെങ്കിൽ ചോദിക്കേണ്ടതാണ് ശിവജയന്തി ആഘോഷിക്കുന്നുണ്ട്, മഹിമ പാടുന്നുണ്ട് എങ്കിൽ തീർച്ചയായും ആരോ വന്ന് പോയിട്ടുണ്ട്. വളരെയധികം ഭക്തരുമുണ്ട്. അഥവാ ഗവൺമെന്റ് അംഗീകരിക്കുന്നില്ലെങ്കിൽ പിന്നെ ഭക്തരുടേയും സാധു സന്യാസി, ഗുരുക്കന്മാരുടേയും സ്റ്റാമ്പുകൾ ഉണ്ടാക്കാനും സാധിക്കില്ല. എങ്ങനെയാണോ ഗവൺമെന്റ് അതുപോലെത്തന്നെയാണ് പ്രജകളും. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ബാബയുടെ ജീവചരിത്രം നന്നായി മനസ്സിലായി. നിങ്ങൾക്ക് എത്ര ലഹരിയുണ്ടോ അത്രയും മറ്റാർക്കും ഉണ്ടാവുക സാധ്യമല്ല. നിങ്ങൾ തന്നെയാണ് പറയുന്നത് ശിവജയന്തി വജ്യതുല്യമാണ്, ബാക്കി എല്ലാവരുടേയും ജയന്തി കക്കയ്ക്ക് തുല്യമാണ്. ബാബ തന്നെയാണ് വന്ന് കക്കയെ വജ്യതുല്യമാക്കി മാറ്റുന്നത്. ശ്രീകൃഷ്ണനും ബാബയിലൂടെയാണ് ഇത്രയും ഉയർന്ന പദവി പ്രാപ്തമാക്കിയത്. അതിനാലാണ് ബാബയുടെ ജയന്തി വജ്രതുല്യമാണ് എന്ന് പാടുന്നത്. ആദ്യം കക്കയ്ക്കുസമാനമായിരുന്നു പിന്നീട് ബാബയാണ് വജ്രതുല്യമാക്കി മാറ്റിയത്. ഈ കാര്യങ്ങൾ മനുഷ്യർക്ക് അറിയില്ല. കൃഷ്ണനെ അങ്ങനെയുള്ള വിശ്വരാജകു

മാരനാക്കി മാറ്റിയത് ആരാണ്? അതിനാൽ കൃഷ്ണജന്മാഷ്ഠമി ആഘോഷിക്കുന്നതും മനസ്സിലാക്കിക്കൊടുക്കണം. കുട്ടി മാതാവിന്റെ ഗർഭത്തിൽ നിന്ന് തന്നെയാണ് പുറത്തുവന്നത്. പിന്നീട് കുട്ടിയെ കൂടയിൽ വെച്ച് കൊണ്ടുപോയി. ഇപ്പോൾ കൃഷ്ണനാണെങ്കിൽ വിശ്വത്തിന്റെ രാജകുമാരനാണ് പിന്നെ കൃഷ്ണൻ എന്തിനാണ് ഭയക്കുന്നത്? അവിടെ കംസൻ മുതലായവർ എവിടെ നിന്നുവന്നു? ഈ മുഴുവൻ കാര്യങ്ങളും ശാസ്ത്രങ്ങളിൽ എഴുതിയിട്ടുള്ളതാണ്. ഇപ്പോൾ നിങ്ങൾ നന്നായി മനസ്സിലാക്കിക്കൊടുക്കണം. മനസ്സിലാക്കിക്കൊടുക്കുന്നതിനുള്ള യുക്തികൾ വളരെ നല്ലതായിരിക്കണം. എല്ലാവർക്കും ഒരേപോലെ പഠിപ്പിക്കാൻ സാധിക്കില്ല. യുക്തിയുക്തമായി മനസ്സിലാക്കിക്കൊടുക്കാത്ത കാരണത്താൽ അത് കൂടുതലും ഡിസ്സർവ്വീസാകുന്നു.

ഇപ്പോൾ ശിവജയന്തി ആഘോഷിക്കുകയാണ് എങ്കിൽ ശിവന്റെ മഹിമ തന്നെയാണ് പാടേണ്ടത്. ഗാന്ധി ജയന്തി സമയത്ത് ഗാന്ധിജിയുടെ മഹിമ തന്നെയാണ് പാടുക. അപ്പോൾ മറ്റൊന്നും തോന്നില്ല. ഇപ്പോൾ നിങ്ങൾ ശിവജയന്തി ആഘോഷിക്കുകയാണെങ്കിൽ തീർച്ചയായും ബാബയ്ക്ക് മഹിമയും ജീവിതകഥയും ജീവചരിത്രവും ഉണ്ടാകും. നിങ്ങൾ ആ ദിവസം ഇരുന്ന് ബാബയുടെ ജീവചരിത്രം തന്നെ കേൾപ്പിക്കൂ. ബാബ പറയുന്നു ശിവജയന്തി എങ്ങനെയാണ് ആരംഭിച്ചത് എന്ന് ഒരു മനുഷ്യനും ചോദിക്കുന്നില്ല. അവർക്ക് ഒരു വർണ്ണനയുമില്ല. ബാബയുടെ മഹിമ അപരം അപാരമായി പാടപ്പെടുന്നു. ശിവബാബയെ നിഷ്കളങ്കരുടെ നാഥൻ എന്നു പറഞ്ഞ് വളരെ അധികം മഹിമ പാടുന്നു. ബാബ നിഷ്കളങ്കനായ ഭണ്ഢാരിയാണ്. ലോകർ ശിവ ശങ്കരൻ എന്ന് പറയുന്നു. ശങ്കരനെ ഭോലാനാഥനാണ് എന്ന് കരുതുന്നു. വാസ്തവത്തിൽ ശങ്കരനെ കാണുമ്പോൾ നിഷ്കളങ്കനായ നാഥനായി തോന്നുന്നില്ല. ശങ്കരനെക്കുറിച്ച് പറയുന്നത് കണ്ണ് തുറന്നതും വിനാശമുണ്ടായി എന്നാണ്, ഉന്മത്തനായി നടക്കുന്നയാളെ പിന്നീട് നഷ്കളങ്കനായ നാഥൻ എന്ന് എങ്ങനെ പറയും. മഹിമ ഒന്നിന് മാത്രമാണുള്ളത്. നിങ്ങൾ ശിവക്ഷേത്രങ്ങളിൽ ചെന്ന് മനസ്സിലാക്കിക്കൊടുക്കണം. അവിടേയ്ക്ക് ഒരുപാടുപേർ വരും അപ്പോൾ ശിവന്റെ ജീവചരിത്രം കേൾപ്പിക്കണം. നിഷ്കളങ്കരുടെ നാഥനും ഭണ്ഢാരിയുമായ ശിവബാബാ എന്നാണ് വിളിക്കുന്നത്. ഇപ്പോൾ ശിവനും ശങ്കരനും തമ്മിലുള്ള വ്യത്യാസവും നിങ്ങൾ തന്നെ പറഞ്ഞുകൊടുക്കണം. ശിവബാബയുടെ പൂജയുണ്ടാകുന്നത് ശിവ ക്ഷേത്രങ്ങളിലാണ്. അതിനാൽ നിങ്ങൾ അവിടെച്ചെന്ന് ശിവബാബയുടെ ജീവിതകഥ പറഞ്ഞുകൊടുക്കണം. ജീവചരിത്രം എന്ന് കേട്ട് ശിവന്റെ ജീവചരിത്രം എങ്ങനെ കേൾപ്പിക്കും എന്ന് ചിന്തിച്ച് ചിലർക്ക് തലചുറ്റാൻ വരെ സാധ്യതയുണ്ട്. അതിനാൽ അത്ഭുതകരമായ കാര്യമാണ് എന്ന് മനസ്സിലാക്കി അനേകം പേർ വരും. പറയൂ, ക്ഷണം അനുസരിച്ച് ആരെല്ലാമാണോ വരുന്നത് അവർക്ക് ഞങ്ങൾ നിരാകാരനായ പരമപിതാ പരമാത്മാവിന്റെ ജീവിതകഥ പറഞ്ഞുതരാം. ഗാന്ധിജി മുതലായവരുടെ ജീവചരിത്രവും കേൾക്കാറുള്ളതല്ലേ. ഇപ്പോൾ നിങ്ങൾ ശിവബാബയുടെ മഹിമ ചെയ്യുകയാണെങ്കിൽ മനുഷ്യരുടെ ബുദ്ധിയിൽ നിന്നും സർവ്വവ്യാപി എന്ന കാര്യം മാഞ്ഞുപോകും. ഒരാളുടെ മഹിമയ്ക്ക് മറ്റൊരാളുടേതുമായി സാമ്യമുണ്ടാകില്ല. അവർ എത്ര മണ്ഢപങ്ങൾ ഉണ്ടാക്കിയാലും പ്രദർശിനികൾ ചെയ്താലും അതൊന്നും ശിവബാബയുടെ ക്ഷേത്രങ്ങളല്ല. നിങ്ങൾക്ക് അറിയാം സത്യംസത്യമായ ശിവബാബയുടെ വാസ്തവത്തിലുള്ള ക്ഷേത്രം ഇതാണ്, ഇവിടെ രചയിതാവ് സ്വയം വന്നിരുന്ന് രചനയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ രഹസ്യം പറഞ്ഞുതരുകയാണ്. നിങ്ങൾക്ക് എഴുതാൻ സാധിക്കും രചയിതാവിന്റെ ജീവിത ചരിത്രവും രചനയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ രഹസ്യം അഥവാ ചരിത്രവും കേൾപ്പിക്കാം. ഹിന്ദിയിലും ഇംഗ്ലീഷിലും എഴുതണം. വലിയ വലിയ ആളുകളുടെ അടുത്തേയ്ക്ക് പോവുകയാണെങ്കിൽ പരമപിതാ പരമാത്മാവിന്റെ ജീവിതകഥ ആരാണ് പറഞ്ഞുതരുന്നത് എന്നു കരുതി അത്ഭുതപ്പെടും. കേവലം രചനയേക്കുറിച്ച് മാത്രം പറയുകയാണെങ്കിൽ അവർ മനസ്സിലാക്കും പ്രളയമുണ്ടായി പിന്നീട് പുതിയ രചനയുണ്ടായി എന്ന്. പക്ഷേ അങ്ങനെയല്ല, ബാബ വന്ന് പതിതരെ പാവനമാക്കി മാറ്റുന്നു എന്ന് നിങ്ങൾ മനസ്സിലാക്കിക്കൊടുത്താൽ അവർ അത്ഭുതപ്പെടും. ശിവക്ഷേത്രങ്ങളിലേയ്ക്കും അനേകം പേർ വരും. ഹാൾ അഥവാ മണ്ഢപം വളരെ വലുതായിരിക്കണം. നിങ്ങൾ പ്രഭാതത്തിൽ ചുറ്റാൻ ഇറങ്ങിയതാണെങ്കിലും ശരി ഈ ലക്ഷ്മീ നാരായണന്റെ രാജ്യം ആരാണ് സ്ഥാപിച്ചത് എന്നത് അവർക്ക് മനസ്സിലാക്കിക്കൊടുക്കണം. സർവ്വാത്മാക്കളുടേയും പിതാവായ ശിവബാബയാണ് വന്ന് രാജയോഗം പഠിപ്പിക്കുന്നത്. ശിവക്ഷേത്രത്തിൽ ചെന്ന് എങ്ങനെ എങ്ങനെയെല്ലാം മനസ്സിലാക്കിക്കൊടുക്കാം എന്ന് ഇതുപോലെ വിചാരസാഗര മഥനം ചെയ്യണം. ശിവക്ഷേത്രത്തിൽ അതിരാവിലെയാണ് പൂജ നടക്കുക, മണി മുഴങ്ങുന്നതും അതിരാവിലെയാണ്. ശിവബാബ വരുന്നതും പ്രഭാത സമയത്താണ്. അർധരാത്രിയിലാണ് എന്ന് പറയാനും സാധിക്കില്ല. ആ സമയത്ത് നിങ്ങൾക്ക് ജ്ഞാനവും കേൾപ്പിക്കാൻ സാധിക്കില്ല കാരണം ആ സമയത്ത് മനുഷ്യർ എല്ലാവരും ഉറങ്ങുകയായിരിക്കും. പിന്നെ മനുഷ്യർക്ക് രാത്രിയിലാണെങ്കിൽ കുറച്ച് സമയമേ ലഭിക്കൂ. വിളക്കുകളും പ്രകാശിച്ചുകൊണ്ടിരിക്കും. നന്നായി പ്രകാശമുണ്ടാവുകയും വേണം. ശിവബാബ വന്ന് നിങ്ങൾ ആത്മാക്കളെ ഉണർത്തുകയാണ്. സത്യമായ ദീപാവലി ഇതാണ്, എല്ലാ വീടുകളിലും ദീപം തെളിയുന്നു അർത്ഥം ആത്മജ്യോതി തെളിയുന്നു. അവരാണെങ്കിൽ വീട്ടിൽ സ്ഥൂലദീപങ്ങൾ തെളിയിക്കുകയാണ്.

പക്ഷേ ദീപാവലിയുടെ വാസ്തവത്തിലുള്ള അർത്ഥം ഇതാണ്. ചിലരുടെ ദീപം തീർത്തും പ്രകാശിക്കുന്നില്ല. എന്റെ ദീപം എങ്ങനെ തെളിയുന്നു എന്ന് നിങ്ങൾക്ക് അറിയാം. ആരെങ്കിലും മരിക്കുകയാണെങ്കിൽ അന്ധകാരം ഉണ്ടാകരുത് എന്നു കരുതി ദീപം തെളിയിക്കുന്നു. പക്ഷേ അതിന് ആദ്യം ആത്മദീപം തെളിയണം എങ്കിലേ അന്ധകാരമില്ലാതാകൂ. ഇല്ലെങ്കിൽ മനുഷ്യർ ഘോരാന്ധകാരത്തിലാണ്. ആത്മാവാണെങ്കിൽ സെക്കന്റിൽ ഒരു ശരീരം ഉപേക്ഷിച്ച് അടുത്തത് എടുക്കും. ഇതിൽ അന്ധകാരത്തിന്റെ കാര്യമില്ല. ഇത് ഭക്തിമാർഗ്ഗത്തിലുള്ള ആചാരമാണ്. നെയ്യ് കഴിയുമ്പോഴാണ് ദീപം അണയുന്നത്. അന്ധകാരം എന്നതിന്റെ അർത്ഥവും ആരും മനസ്സിലാക്കുന്നില്ല. പിതൃക്കളെ കഴിപ്പിക്കുന്നതിന്റെ അർത്ഥവും മനസ്സിലാക്കുന്നില്ല. മുമ്പ് ആത്മാക്കളെ വിളിക്കുമായിരുന്നു, എന്തെങ്കിലും ചോദിക്കുമായിരുന്നു. ഇപ്പോൾ അത് നടക്കുന്നില്ല. ഇവിടെയും വരും. ചില സമയങ്ങളിൽ എന്തെങ്കിലും സംസാരിക്കുകയും ചെയ്യും. പറയൂ നിങ്ങൾക്ക് സുഖമാണോ? അപ്പോൾ പറയും അതേ. തീർച്ചയായും ഇവിടെ നിന്ന് ആരാണോ പോകുന്നത് അവർ നല്ലവീട്ടിലേ ജന്മമെടുക്കൂ. ജന്മമെടുക്കുന്നത് തീർച്ചയായും അജ്ഞാനിയുടെ വീട്ടിലായിരിക്കും. ജ്ഞാനിയുടെ വീട്ടിൽ ജന്മമെടുക്കാൻ സാധിക്കില്ല കാരണം ജ്ഞാനിയായ ബ്രാഹ്മണന് ഒരിയ്ക്കലും വികാരത്തിലേയ്ക്ക് പോകാൻ സാധിക്കില്ല. അവർ പവിത്രമാണ്. തീർച്ചയായും നല്ല സുഖിയായ വീട്ടിൽ ചെന്ന് ജന്മമെടുക്കും. വിവേകവും പറയുന്നുണ്ട്- എങ്ങനെയാണോ അവസ്ഥ, അതുപോലെയാണ് ജന്മം. പിന്നീട് അവിടെ തന്റെ തിളക്കം കാണിക്കും. ശരീരം ചെറുപ്പമാണ് അതിനാൽ സംസാരിക്കാൻ സാധിക്കില്ല. കുറച്ച് വലുതായാൽ ജ്ഞാനത്തിന്റെ തിളക്കം തീർച്ചയായും കാണിക്കും. എങ്ങനെയാണോ ചിലർ ശാസ്ത്രത്തിന്റെ സംസ്ക്കാരം എടുത്തുകൊണ്ടുപോയാൽ ചെറുപ്പത്തിൽത്തന്നെ അതിൽ മുഴുകുന്നത് അതുപോലെ ഇവിടെനിന്ന് ജ്ഞാനം എടുത്ത് പോയാൽ തീർച്ചയായും മഹിമ ഉണ്ടാകും.

നിങ്ങൾ ശിവജയന്തി ആഘോഷിക്കുകയാണ്. അവർക്ക് ഇതിന്റെ അർത്ഥം മനസ്സിലാക്കാൻ സാധിക്കില്ല. ചോദിക്കണം- അഥവാ ശിവൻ സർവ്വവ്യാപിയാണെങ്കിൽ ജയന്തി എങ്ങനെ ആഘോഷിക്കാൻ സാധിക്കും? ഇപ്പോൾ നിങ്ങൾ കുട്ടികൾ പഠിക്കുകയാണ്. നിങ്ങൾക്ക് അറിയാം ബാബ ടീച്ചറുമാണ് അച്ഛനുമാണ് സദ്ഗുരുവുമാണ്. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് സിക്കുകാരും പറയുന്നുണ്ട് സത്ശ്രീ അകാലമൂർത്ത് എന്ന്. ഇപ്പോൾ വാസ്തവത്തിൽ സർവ്വാത്മാക്കളും അകാലമൂർത്താണ് പക്ഷേ ഒരു ശരീരം ഉപേക്ഷിച്ച് അടുത്തത് എടുക്കുന്നു അതിനാൽ ജനന-മരണം എന്നു പറയുന്നു. ആത്മാവ് അതുതന്നെയാണ്. ആത്മാവ് 84 ജന്മം എടുക്കുന്നു. കല്പം എപ്പോഴാണോ പൂർത്തിയാകുന്നത് അപ്പോൾ സ്വയം വന്ന് പറയുകയാണ് ഞാൻ ആരാണ്, ഞാൻ എങ്ങനെയാണ് ഇവരിൽ പ്രവേശിക്കുന്നത്? ഇതിലൂടെ നിങ്ങൾ കാര്യങ്ങൾ മനസ്സിലാക്കുന്നു. ആദ്യം ഒന്നും അറിയില്ലായിരുന്നു. തീർച്ചയായും പരമാത്മാവ് അവതരിക്കും പക്ഷേ എങ്ങനെ, എപ്പോൾ അവതരിച്ചു, ഒന്നും മനസ്സിലാക്കിയിരുന്നില്ലല്ലോ. ദിനംപ്രതി ദിനം നിങ്ങളുടെ ബുദ്ധിയിൽ ഈ കാര്യങ്ങൾ വന്നുകൊണ്ടിരിക്കും. പുതിയ പുതിയ കാര്യങ്ങൾ നിങ്ങൾ കേട്ടുകൊണ്ടിരിക്കും. മുമ്പ് ആരെങ്കിലും രണ്ട് അച്ഛന്മാരുടെ രഹസ്യം മനസ്സിലാക്കിത്തന്നിട്ടുണ്ടോ. മുമ്പ് നിങ്ങൾ ചെറിയ കുട്ടികളെപ്പോലെയായിരുന്നു. ഇപ്പോഴും വളരെ അധികം കുട്ടികൾ പറയുന്നുണ്ട്- ബാബാ, ഞാൻ താങ്കളുടെ രണ്ട് ദിവസം പ്രായമായ കുട്ടിയാണ്. ഇത്ര ദിവസമായ കുട്ടിയാണ്. മനസ്സിലാക്കുന്നുണ്ട് എന്തെല്ലാം നടക്കുന്നുണ്ടോ അതെല്ലാം കല്പം മുന്നിലേത് പോലെയാണ്. ഇതിൽ വളരെയധികം ജ്ഞാനമുണ്ട്. മനസ്സിലാക്കാനും സമയമെടുക്കും. ജന്മമെടുത്തശേഷം മരണമടയുകയും ചെയ്യാറുണ്ട്. രണ്ടുമാസം, 8 മാസം പ്രായമായശേഷം മരിക്കുന്നുമുണ്ട്. നിങ്ങളുടെ അടുത്തേയ്ക്ക് വരുമ്പോൾ പറയും ഇത് ശരിയാണ്. ബാബ നമ്മുടെ അച്ഛനാണ്, നാം അവരുടെ സന്താനങ്ങളാണ്. ശരിയാണ് ശരിയാണ് എന്ന് പറയും. കുട്ടികൾ എഴുതാറുമുണ്ട്- വളരെ പ്രഭാവിതരാകുന്നു. പിന്നീട് പുറത്തുപോയാൽ കഴിഞ്ഞു, മരിച്ചുപോകുന്നു. പിന്നീട് വരുന്നേയില്ലെങ്കിൽ എന്തുണ്ടാകും? അവസാന സമയത്ത് വന്ന് റിഫ്രഷാകും അല്ലെങ്കിൽ പ്രജയായി മാറും. ഈ കാര്യങ്ങളെല്ലാം മനസ്സിലാക്കിക്കൊടുക്കണം. നമ്മൾ ശിവജയന്തി എങ്ങനെയാണ് ആഘോഷിക്കുന്നത്? ശിവബാബ എങ്ങനെയാണ് സദ്ഗതി നൽകുന്നത്? ശിവബാബ സ്വർഗ്ഗം സമ്മാനമായി കൊണ്ടുവരികയാണ്. സ്വയം പറയുന്നു ഞാൻ നിങ്ങളെ രാജയോഗം പഠിപ്പിക്കുകയാണ്. വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുകയാണ്. ബാബ സ്വർഗ്ഗത്തിന്റെ അധികാരിയാണ് അതിനാൽ തീർച്ചയായും സ്വർഗ്ഗത്തിന്റെ അധികാരിയാക്കിത്തന്നെയാണ് മാറ്റുക. നമ്മൾ ബാബയുടെ ജീവചരിത്രം പറഞ്ഞുകൊടുക്കുകയാണ്. എങ്ങനെയാണ് സ്വർഗ്ഗം സ്ഥാപിക്കുന്നത്, എങ്ങനെയാണ് രാജയോഗം പഠിപ്പിക്കുന്നത്, വന്ന് മനസ്സിലാക്കൂ. എങ്ങനെയാണോ ബാബ മനസ്സിലാക്കിത്തരുന്നത് അതുപോലെ എന്താ കുട്ടികൾക്ക് മനസ്സിലാക്കിക്കൊടുക്കാൻ കഴിയില്ലേ? ഇതിൽ വളരെ നന്നായി മനസ്സിലാക്കിക്കൊടുക്കുന്നവർ വേണം. ശിവക്ഷേത്രങ്ങളിൽ വളരെ നന്നായി ആഘോഷിക്കുന്നുണ്ടാകും അതിനാൽ അവിടെച്ചെന്ന് മനസ്സിലാക്കിക്കൊടുക്കണം. അഥവാ ലക്ഷ്മീ നാരായണന്റെ ക്ഷേത്രത്തിൽ ചെന്ന് ശിവബാബയുടെ ജീവിതകഥ പറഞ്ഞുകൊടുത്താൽ ആർക്കും ദഹിക്കില്ല. ചിന്തയുണരില്ല. പിന്നീട് അവർക്ക് നല്ലരീതിയിൽ ബുദ്ധിയിൽ

ഇരിക്കുന്ന തരത്തിൽ മനസ്സിലാക്കിക്കൊടുക്കേണ്ടിവരും. ലക്ഷ്മീ നാരായണന്റെ ക്ഷേത്രത്തിൽ അനേകം പേർ വരും. അവർക്ക് ലക്ഷ്മീ നാരായണന്റേയും രാധാ കൃഷ്ണന്റേയും രഹസ്യം മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും. അവർക്ക് വേറെ വേറെ ക്ഷേത്രങ്ങൾ ഉണ്ടാക്കേണ്ടതില്ല. കൃഷ്ണ ജയന്തിക്ക് നിങ്ങൾ ശ്രീകൃഷ്ണക്ഷേത്രത്തിൽ ചെന്ന് മനസ്സിലാക്കിക്കൊടുക്കാം- കൃഷ്ണനെത്തന്നെ വെളുത്തതെന്നും കറുത്തതെന്നും പാടുന്നത് എന്തുകൊണ്ടാണ്? ഗ്രാമത്തിലെ ബാലകനാണെന്നു കാണിക്കുന്നു. ഗ്രാമത്തിൽ പശുക്കളേയും ആടുകളേയും മേയ്ക്കുകയല്ലേ ചെയ്യുക. ബാബ ഓർക്കുകയാണ് ഞാൻ ഗ്രാമത്തിൽ നിന്നാണ് വന്നത്. തലപ്പാവും ചെരുപ്പും ഒന്നുമുണ്ടായിരുന്നില്ല. ഇപ്പോൾ എല്ലാം സ്മൃതിയിൽ വരുന്നു ഞാൻ എന്തായിരുന്നു പിന്നീട് ബാബ വന്നു പ്രവേശിച്ചു. ശിവബാബ തന്നെയാണ് എല്ലാവരുടേയും സദ്ഗതി ദാതാവ് അതിനാൽ ശിവബാബയെ ഓർമ്മിക്കൂ എന്ന ബാബയുടെ സന്ദേശം എല്ലാവർക്കും ലഭിക്കണം. നിങ്ങൾക്ക് രാമചന്ദ്രന്റെ ജീവചരിത്രവും പറഞ്ഞുകൊടുക്കാൻ സാധിക്കും. എപ്പോഴാണ് അവരുടെ രാജ്യം ആരംഭിച്ചത്, എത്ര വർഷങ്ങളായി. ഇങ്ങനെയുള്ള ചിന്തകൾ വരണം. ശിവക്ഷേത്രത്തിൽ ശിവബാബയുടെ ജീവചരിത്രം വേണം കേൾപ്പിക്കാൻ. ലക്ഷ്മീ നാരായണന്മാരുടെ ക്ഷേത്രത്തിൽ അവരുടെ മഹിമ ചെയ്യണം. രാമന്റെ ക്ഷേത്രത്തിൽ ചെന്നാൽ രാമന്റെ ജീവിതകഥ കേൾപ്പിക്കണം. ഇപ്പോൾ നിങ്ങൾ ദേവീ ദേവതാ ധർമ്മം സ്ഥാപന ചെയ്യുന്നതിനുള്ള പുരുഷാർത്ഥത്തിലാണ്. ഹിന്ദു ധർമ്മം ആരും സ്ഥാപിച്ചിട്ടില്ല. ഹിന്ദു എന്നത് ഒരു ധർമ്മമേയല്ല- ഇത് നേരിട്ട് പറഞ്ഞാൽ വഴക്കുണ്ടാക്കും. ഇവരേതോ ക്രിസ്ത്യാനിയാണെന്ന് കരുതും. അതിനാൽ പറയൂ ഞങ്ങൾ ആദി സനാതന ദേവീദേവതാ ധർമ്മത്തിലുള്ളവരാണ് അതിനെത്തന്നെയാണ് ഇന്ന് ഹിന്ദു എന്ന് വിളിക്കുന്നത്. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ശിവജയന്തി വളരെ നന്നായി ആഘോഷിക്കൂ. ശിവബാബയുടെ ക്ഷേത്രത്തിൽ ശിവബാബയുടേയും ലക്ഷ്മീ നാരായണന്റെ ക്ഷേത്രത്തിൽ ലക്ഷ്മീ നാരായണൻ അഥവാ രാധാകൃഷ്ണന്റെയും ജീവചരിത്രം കേൾപ്പിക്കണം. എല്ലാവർക്കും യുക്തിയുക്തമായി ജ്ഞാനം നൽകണം.

2) അജ്ഞാന അന്ധകാരത്തിൽ നിന്നും രക്ഷപ്പെടുന്നതിനായി ആത്മദീപത്തെ ജ്ഞാനമാകുന്ന നെയ്യ് ഒഴിച്ച് സദാ തെളിയിക്കണം. മറ്റുള്ളവരേയും അജ്ഞാന അന്ധകാരത്തിൽ നിന്നും പുറത്തുകൊണ്ടുവരണം.

## വരദാനം:- സർവ്വ ഖജനാവുകളാലും സമ്പന്നമായി നിരന്തരം സേവനം ചെയ്യുന്ന അളവറ്റ, അഖണ്ഢ മഹാദാനിയായി ഭവിക്കൂ

ബാപ്ദാദ സംഗമയുഗത്തിൽ എല്ലാ കുട്ടികൾക്കും “സ്ഥായിയും-അഖണ്ഢവും” എന്ന വരദാനം നൽകിയിട്ടുണ്ട്. ആരാണോ ഈ വരദാനത്തെ ജീവിതത്തിൽ ധാരണ ചെയ്ത് അഖണ്ഢ മഹാദാനി അർത്ഥം നിരന്തരം സഹജ സേവാധാരിയാകുന്നത് അവർ നമ്പർവണ്ണാകുന്നു. ദ്വാപരം മുതൽ ഭക്ത ആത്മാക്കളും ദാനിയാകുന്നുണ്ട് എന്നാൽ അളവറ്റ ഖജനാക്കളുടെ ദാനിയാകാൻ സാധിക്കില്ല. വിനാശീ ഖജനാവ് അല്ലെങ്കിൽ വസ്തുവിന്റെ ദാനിയാകുന്നു, എന്നാൽ താങ്കൾ ദാതാവിന്റെ കുട്ടികൾ ആരാണോ സർവ്വ ഖജനാവുകളാലും സമ്പന്നമായിട്ടുള്ളത് അവർക്ക് ഒരു സെക്കന്റ് പോലും ദാനം നൽകാതിരിക്കാൻ സാധിക്കില്ല.

## സ്ലോഗൻ:- ഉള്ളിലെ സത്യതയും ശുദ്ധതയും പ്രത്യക്ഷമാകുന്നത് അപ്പോഴാണ് എപ്പോഴാണോ സ്വഭാവത്തിൽ സരളതയുണ്ടാകുന്നത്.